കുടുംബങ്ങൾക്ക് നൽകി വന്നിരുന്ന ഒരു രൂപ നിരക്കിലുള്ള അരിയുടെ സബ്സിഡി 11-6-2000 മുതൽ കിലോഗ്രാമിന് രണ്ട് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പലവ്യജ്ഞനങ്ങളും പയറുവർഗ്ഗങ്ങളും കടമായി നൽകി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(സി) 10-6-2000-ൽ സംസ്ഥാനത്ത് എ.ഡബ്ല്യൂ.ഡി.കളിൽ 25,260 ടണ്ണും, എ.ആർ.ടി.കളിൽ 41,366 ടണ്ണും അരി സ്റ്റോക്കുണ്ടായിരുന്നു. അതു കൂടാതെ എഫ്.സി.ഐ.യുടെ കേരളത്തിലെ ഗോഡൗണുകളിൽ 436591 മെട്രിക് ടൺ അരിയും 150390 ടൺ ഗോതമ്പും സ്റ്റോക്കുണ്ട്. (13-6-2000)

(ഡി) ഗുണനിലവാരം കുറഞ്ഞ അരി റേഷൻകടകൾ വഴി വിതരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കാർഡുടമകൾക്ക് നൽകി വരുന്ന അരിയുടെ സബ്സിഡി ഒരു രൂപയിൽ നിന്ന് രണ്ട് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പലവ്യജ്ഞനങ്ങളും പയറുവർഗ്ഗങ്ങളും റേഷൻകടക്കാർക്ക് കടമായി നൽകി വിതരണം മെച്ചപ്പെടുത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 25% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന അരിക്കുപുറമേ സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി 17 % കുടുംബങ്ങൾക്ക് കൂടി പകുതി വിലയ്ക്കുള്ള അരി നൽകി വരുന്നു.

ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതുമൂലം പൊതുവിതരണ സംവിധാനത്തിലുള്ള പ്രശ്നങ്ങൾ

102 (113) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതുമൂലം സംസ്ഥാനത്തെ പൊതു വിതരണ സംവിധാനത്തിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഇതു പരിഹരിക്കുന്നതിനു സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അതിന്റെ പുരോഗതി എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതുമൂലം പൊതു വിതരണ ശൃംഖലയിലൂടെ അരിയും ഗോതമ്പും പഞ്ചസാരയും മണ്ണെണ്ണയും വാങ്ങുന്നത് ആകർഷകമല്ലാതായിത്തീർന്നു. ഇതുമൂലം ഓഫ്ടേക്ക് ഗണ്യമായി കുറഞ്ഞുപോയി. റേഷൻ കടകളിൽ അരിയുടെയും മറ്റും സ്റ്റോക്ക് ഇരുന്നു പോകുന്നു. റേഷൻ ചില്ലറ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന 15000-ത്തോളം കുടുംബങ്ങളുടെ സ്ഥിതിയും പരിതാപകരമായി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഒരു കിലോ അരിക്ക് 4 രൂപ നിരക്കിൽ ലഭിച്ചു വന്നിരുന്നത് പൊടുന്നനെ 5 രൂപ 40 പൈസയായി വർദ്ധിപ്പിച്ചു. മറ്റുള്ളവർക്ക് 9 രൂപ 60 പൈസയ്ക്ക് ഒരു കിലോ അരി ലഭിച്ചു വന്നിരുന്നത് കുത്തനെ 12 രൂപ 40 പൈസയാക്കി വർദ്ധിപ്പിച്ചു. ഗോതമ്പിന്റെയും മണ്ണെണ്ണയുടെയും പഞ്ചസാരയുടെയും വിലയും ഗണ്യമായി വർദ്ധിപ്പിച്ചു. ഇതിന്റെ ഫലമായി പൊതുകമ്പോളത്തിലെ വില കുതിച്ചുയരാൻ സാധ്യതയുണ്ട്. ഫുഡ് കോർപ്പറേഷൻ ഡിപ്പോകളിൽ ധാന്യങ്ങൾ കെട്ടിക്കിടന്ന് മഴ മൂലവും മറ്റും ചീത്തയായിക്കൊണ്ടിരിക്കുന്നു. ഒടുവിൽ അത് കാലിത്തീറ്റയായും കോഴിത്തീറ്റയായും മറ്റും ലേലം ചെയ്തു വിറ്റ് ഭീമമായ നഷ്ടത്തിലേയ്ക്ക് എത്തിച്ചേരും. ഇപ്പോൾത്തന്നെ ഫുഡ് കോർപ്പറേഷൻ ഗോതമ്പും ലേലം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ പോലും വില കുറച്ചു റേഷൻ കടകളിൽ കൂടി വിതരണം ചെയ്യണമെന്നുള്ള നിർദ്ദേശം കേന്ദ്രം അംഗീകരിച്ചിട്ടില്ല.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 25% കുടുംബങ്ങൾക്ക് മാത്രമാണ് കേന്ദ്ര സർക്കാർ പകുതി വിലയ്ക്ക് (6 രൂപ 40 പൈസ നിരക്കിൽ) പ്രതിമാസം 20 കിലോ അരി വീതം നല്കി വരുന്നത്. 17 % കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നല്കുന്നതിന്റെ അധിക സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ തുടർന്നും വഹിച്ചു പോരുന്നു. ഇതു കൂടാതെ 42 % കുടുംബങ്ങൾക്ക് ആവശ്യാനുസരണം പ്രതിമാസം 10 കിലോ അരിയും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് 20 കിലോ അരിയും കിലോയ്ക്ക് ഒരു രൂപ സബ്സിഡിയോടെ (11 രൂപ 40 പൈസ നിരക്കിൽ) 1-4-2000 മുതൽ സംസ്ഥാന സർക്കാർ നൽകിപ്പോന്നു. എന്നിട്ടും ഓഫ്ടേക്ക് വർദ്ധിക്കുന്നില്ല എന്നു കണ്ടതോടെ ഈ സബ്സിഡിക്കു പകരം ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 16 കിലോ അരി, നിലവിലുള്ള സബ്സിഡി രണ്ടു രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് (കിലോയ്ക്ക് 10 രൂപ 40 പൈസ നിരക്കിൽ) ഉത്തരവ് നല്കിയിട്ടുണ്ട്. ഇത് 11-6-2000 മുതലാണ് നിലവിൽ വന്നിരിക്കുന്നത്. അതിനാൽ അതിന്റെ പുരോഗതി വിലയിരുത്തുവാൻ സമയമായിട്ടില്ല.

(സി) ഇപ്പോൾത്തന്നെ തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിലേറെ റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വില്പനയ്ക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നല്കി വരുന്നുണ്ട്. കൂടുതൽ റേഷൻ കടക്കാർ തയ്യാറായി മുന്നോട്ടു വരുന്ന പക്ഷം അവർക്കും സാധനങ്ങൾ നൽകുവാൻ തയ്യാറാണെന്ന് റേഷൻ കടക്കാരുടെ പ്രതിനിധികളെ അറിയിച്ചിട്ടുണ്ട്. ഇതു കൂടാതെ റേഷൻ ഇനങ്ങളല്ലാത്ത നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

വിൽക്കുന്നതിന് യാതൊരു നിയമ തടസ്സവും ഇല്ലെന്ന് വ്യക്തമാക്കിക്കൊണ്ടും ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമുള്ള പക്ഷം ഹ്രസ്വകാലത്തേയ്ക്ക് കടമായി സാധനങ്ങൾ നല്കുവാനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ തയ്യാറാണ്.

എഫ്.സി.ഐ. ഗോഡൗണുകൾ സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര നീക്കം

103 (114) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്.സി.ഐ. ഗോഡൗണുകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നീക്കം സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി & ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര സർക്കാർ ഭക്ഷ്യ സബ്സിഡി നിർത്തലാക്കിയതുമൂലം സംസ്ഥാന ഗവൺമെന്റിന് ഉണ്ടായ നഷ്ടം

104 (115) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രം ഭക്ഷ്യ സബ്സിഡി നിർത്തലാക്കിയതിലൂടെ സംസ്ഥാന ഗവൺമെന്റിനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് പരിഹരിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly